"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള ട്രാൻസ്പ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് പാലക്കാട്, എറണാകുളം എന്നീ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും ലഭ്യമാക്കിയ 350 കോടി രൂപയ്ക്ക് (350 കോടി മാത്രം) സർക്കാർ ഗ്യാരന്റി പുതുക്കി അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(എ) വകുപ്പ്

സ.ഉ.(സാധാ) നം.473/2023/TRANS തീയതി,തിരുവനന്തപുരം, 02-11-2023

---

പരാമർശം:-

1. GO(Rt) No. 197/2018/Trans dated 05-05-2018
2. 08.08.2023, 10.08.2023 എന്നീ തീയതികളിലെ 2250/2023/KTDFC നമ്പരിലുള്ള കെ.റ്റി.ഡി.എഫ്.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കത്തുകൾ
3. 108.09.2023 ൽ KSCB/Credit/3653/2023-24 നമ്പരിൽ കേരളാബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിൽ നിന്നും ലഭ്യമായിട്ടുള്ള കത്ത്.
4. 27.05.2023 ലെ 2402299/പി.യു.-ബി3/35/2023-ധന നമ്പർ അനൗദ്യോഗിക കുറിപ്പ്

**ഉത്തരവ്**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ, എറണാകുളം, പാലക്കാട് ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നായി 350 കോടി രൂപ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ഹ്രസ്വകാല വായ്പയെടുത്ത് ബാങ്കുകളുടെ കൺസോർഷ്യം മുഖേനയുള്ള വായ്പാ പുന:സംഘടനയ്ക്കായി കെ.എസ്.ആർ.ടി.സി. യ്ക്ക് ലഭ്യമാക്കി.

പരാമർശം 2 പ്രകാരം, 05.05.2018 ലെ സ.ഉ.(സാധാ) നം.197/2018/ഗതാ ഉത്തരവ് വ്യവസ്ഥയനുസരിച്ച് വായ്പാ തിരിച്ചടവിന് കെ.റ്റി.ഡി.എഫ്.സി. യ്ക്ക് ബാധ്യത ഇല്ലാത്തതിനാലും നിലവിലെ സാഹചര്യത്തിൽ വായ്പ തിരിച്ചടയ്ക്കുവാൻ നിവർത്തിയില്ലാത്തതിനാലും വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തുവാൻ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിരുന്നുവെന്നും 05.05.2018 ലെ സ.ഉ.(സാധാ) നം.197/2018/ഗതാ ഉത്തരവിലെ വ്യവസ്ഥ പ്രകാരം കെ.എസ്.ആർ.ടി.സി. തിരിച്ചടവ് വരുത്തിയ വായ്പ സർക്കാർ ഏറ്റെടുത്ത് കേരളാ ബാങ്കിന് തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കെ.റ്റി.ഡി.എഫ്.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടു.

പരാമർശം 3 പ്രകാരം, കേരള ബാങ്ക് രൂപീകരണത്തിന് മുമ്പ് 11.05.2018- ന് മുൻ എറണാകുളം ജില്ലാ സഹകരണ ബാങ്ക് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് എന്നിവിടങ്ങളിൽ നിന്നായി സർക്കാർ ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ്ഫിനാൻസ് കോർപ്പറേഷന് 350 കോടി രൂപ വായ്പ അനുവദിച്ച് നൽകിയിരുന്നു.

കരാർ പ്രകാരം കെ.റ്റി.ഡി.എഫ്.സി. വായ്പ തിരിച്ചടച്ചില്ല. ജാമ്യമായി നൽകിയ സർക്കാർ ഗ്യാരണ്ടി 10.09.2019-ന് കാലഹരണപ്പെടുകയും ചെയ്തു. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് 2019 നവംബറിൽ കേരള ബാങ്ക് രൂപീകരിച്ചതിന് ശേഷം ഈ വായ്പ കേരള ബാങ്ക് കണക്കിൽ നിഷ്ക്രിയ ആസ്തി ആയി തുടരുകയാണ്. നിലവിൽ ഈ വായ്പയ്ക്ക് 30% കരുതൽ സൂക്ഷിച്ചു വരികയാണ്. തൻവർഷം സാധുവായ സർക്കാർ ഗ്യാരണ്ടി ഇല്ലാത്ത സാഹചര്യത്തിൽ ആർ.ബി.ഐ/നബാർഡ് മാനദണ്ഡ പ്രകാരം ബാങ്ക് ഈ വായ്പയ്ക്ക് 100% കരുതൽ സൂക്ഷിക്കേണ്ടതായുണ്ടെന്നും അത്തരമൊരു സ്ഥിതി വിശേഷം ബാങ്കിനെ 250 കോടി രൂപയോളം നഷ്ടത്തിലേക്ക് നയിക്കുമെന്നും അതിനാൽ സർക്കാർ ഗ്യാരണ്ടി പുതുക്കി ഉത്തരവിറക്കി ആയതു പ്രകാരമുള്ള ഗ്യാരണ്ടി ഡീഡ് ഒപ്പ് വയ്ക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്നും കേരളാബാങ്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് പാലക്കാട്, എറണാകുളം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കിയ 350 കോടി രൂപയ്ക്ക് (350കോടി മാത്രം) 11/09/2020 മുതൽ 10/09/2024 വരെയുള്ള കാലയളവിലേക്കായി 350 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാബാങ്ക്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2402299/ PU-B3/35/2023-FIN dated 08.09.2023 പ്രകാരം)
നിയമവകുപ്പ് (CONV-1/66/2023-LAW തീയതി 18.09.2023 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sawmini Jayakumar
സെക്ഷൻ ഓഫീസർ
Date: 07-11-2023 15:01:25

പകർപ്പ് : ഗതാഗത വകുപ്പ് മന്ത്രിയുടെ എ.പി.എസ്.
ഗതാഗത വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.